# എൽ.എസ്.എസ്. പരീക്ഷ, മേയ് – 2021

## (പാർട്ട് - എ)

## ഒന്നാംഭാഷ - മലയാളം

**ആകെ സ്കോർ : 10**

- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- **എല്ലാ** ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.

1. കുട്ടിക്കാലത്തെ ഒരു വിദ്യാലയ അനുഭവമാണ് ഈ കവിതയിലൂടെ പറയുന്നത്. സ്വന്തമല്ലാത്ത മരനിയനെ മഴയത്ത് സഹായിച്ച ചേച്ചിയെ കവിതയിൽ കാണാം. തോരാതെ പെയ്ത മഴയിലല്ല, ചേച്ചിയുടെ സ്നേഹത്തിലാണ് അന്ന് കവി കുതിർന്നത്.

   നിങ്ങൾ പഠിച്ച ഒരു കവിതയിലെ ആശയങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഏതാണ് ആ കവിത ? **(1 സ്കോർ)**

   **ഉത്തരം :**

2. ചില പദങ്ങൾ ചേർത്തെഴുതിയത് ശ്രദ്ധിക്കുക. **(1 സ്കോർ)**

   നീല + താമര - നീലത്താമര

   തല + വര - തലവര

   മുത്ത് + അണിഞ്ഞു - മുത്തണിഞ്ഞു

   ഇതേപോലെ താഴെ കൊടുത്ത പദങ്ങൾ ചേർത്തെഴുതുക.

   നീല + മല -

   **ഉത്തരം :**

3 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നു തിരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഓരോ സ്കോർ വീതം.

3. 'വിത്ത് കുത്തി ഉണ്ണരുത് ' എന്ന പഴഞ്ചൊല്ലിന് അനുയോജ്യമായ ആശയം ഏതാണ് ? താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക. **(1 സ്കോർ)**

(A) ഭാവിയിലേക്ക് വേണ്ടത് നശിപ്പിച്ചിട്ട് തൽക്കാലത്തെ കാര്യം നടത്തരുത്.

(B) നെല്ല് കുത്തി അരിയാക്കി ഉണ്ണണം.

(C) നിലമറിഞ്ഞ് വിതച്ചാൽ നല്ല വിളവ് കിട്ടും.

(D) വേവിക്കാത്ത വിത്ത് ഭക്ഷിക്കരുത്.

**ഉത്തരം :**

4. താഴെ നൽകിയ പദങ്ങളിൽ നിന്ന് വിരുന്നുകാരൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശരിയായ പദം തിരഞ്ഞെടുത്തെഴുതുക. **(1 സ്കോർ)**

(A) അതിധി (B) അധിതി

(C) അഥിതി (D) അതിഥി

**ഉത്തരം :**

5. "മഴയൊരു മൊഴിയായി
കാടിൻ മുകളിൽ
................. കുട്ടി
നടക്കണ കണ്ടോ ?"

വിട്ടുപോയ ഭാഗത്ത് ചേർക്കാവുന്ന ഏറ്റവും അനുയോജ്യമായ പദം തിരഞ്ഞെടുത്തെഴുതുക. **(1 സ്കോർ)**

(A) പരപര (B) കടകട

(C) കലപില (D) കുടുകുടെ

**ഉത്തരം :**

6. 'വനശബ്ദം' പത്രത്തിലേക്ക് തയ്യാറാക്കിയ ഒരു വാർത്ത കാണുക. (5 സ്കോർ)

**മഴ കോരിച്ചൊരിഞ്ഞപ്പോൾ തീയണഞ്ഞു**

വടക്കൻ മല : ഇന്നലെ രാത്രി വടക്കൻ മലയിലെ ഞാവൽക്കാട്ടിന് ഏതാനും നാട്ടു മനുഷ്യർ തീ വെച്ചെങ്കിലും മഴപെയ്തപ്പോൾ തീയണഞ്ഞു. ഞാവൽ മരത്തിൽ താമസിക്കുന്ന ഉണ്ടക്കണ്ണൻ മൂങ്ങയും കൂട്ടരുമാണ് ആദ്യം കാഴ്ച കണ്ടത്. ഞാവൽമരത്തിലെ പക്ഷികൾ ഇതുകണ്ടു പരിഭ്രാന്തരായി. ചെറുപ്പക്കാരായ മൂങ്ങകളും മറ്റും സ്ഥലം വിടാൻ ഒരുങ്ങി. പെട്ടെന്നു കാട്ടിൽ മഴ പെയ്തു. തീയണഞ്ഞതോടെ വലിയൊരു ദുരന്തം ഒഴിവായി.

ഫസ്റ്റ്ബെൽ മലയാളം ക്ലാസിൽ ചർച്ച ചെയ്ത പത്രവാർത്തയുടെ സവിശേഷതകൾ ഓർത്തുനോക്കൂ.

ഇനി താഴെ കാണുന്ന ഭാഗം ശ്രദ്ധയോടെ വായിക്കുക.

വടക്കൻ മലയിലെ ഞാവൽക്കാട്ടിൽ ഇപ്പോൾ കനത്ത മഴയാണ്. നിർത്താതെ പെയ്ത മഴയിൽ ഞാവൽക്കാട് ഒറ്റപ്പെട്ടു. വിവരങ്ങളറിയാൻ പത്രക്കാർ ഗരുഡമ്മാവനെ വിളിച്ചു.

പത്രലേഖകൻ - എന്താണ് അവിടത്തെ ഇപ്പോഴത്തെ അവസ്ഥ ?

ഗരുഡമ്മാവൻ - താഴ്ന്ന പ്രദേശമാകെ വെള്ളത്തിനടിയിലായി. ആകാശനിരീക്ഷണം നടത്തിയ മൂങ്ങപ്പട്ടാളം ഭക്ഷണപ്പൊതി വിതരണം ചെയ്യുന്നുണ്ട്.

പത്രലേഖകൻ - രക്ഷാപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ?

ഗരുഡമ്മാവൻ - കരസേനയിലെ ആനക്കൂട്ടം നിരവധിപേരെ രക്ഷിച്ച് ഉയർന്ന പ്രദേശത്ത് എത്തിച്ചു. നാവികസേനയിലെ താറാവുകൾ ഒറ്റപ്പെട്ടവരുടെ വിവരങ്ങൾ നൽകുന്നുണ്ട്.

പത്രലേഖകൻ - ഇതുപോലെയുള്ള മഴ ഇതിനുമുമ്പ് പെയ്തതായി ഓർമ്മയുണ്ടോ ?

ഗരുഡമ്മാവൻ - നൂറ് കൊല്ലം മുമ്പാണ് ഇതുപോലെ പ്രളയമുണ്ടായതെന്ന് എന്റെ മുത്തച്ഛൻ പറഞ്ഞുകേട്ടിട്ടുണ്ട്.

മുകളിൽ കൊടുത്ത സംഭാഷണത്തിലെ വിവരങ്ങൾ ഉൾപ്പെടുത്തി നാളത്തെ 'വനശബ്ദത്തിൽ' അച്ചടിക്കാനുള്ള ഒരു പത്രവാർത്ത തയ്യാറാക്കുക.

# L.S.S. EXAMINATION, MAY - 2021

## (Part - B)

## ENGLISH

Total Score : 10

- Questions 7 to 12 are included in the English Section.
- The score of each question is given against it.
- Write the answers to the questions in the space provided.
- Answer all the questions.

7. (a) Anna's aunt Arundhati was sitting in an arm chair. (3 Score)
Anna was sitting beside the window.
She saw a woman coming to their house.
Her face was covered with a cloth. Anna couldn't identify her.
"Who's coming to our house ?", she asked.
"She is a health worker." Aunt said.
"Here is a notice from District Medical Officer to prevent Covid 19", the health worker handed a notice to Arundhati.
"Please come inside", Arundhati invited her.
"Sorry.. I can't get in. We have to keep social distance", she said.
Anna started reading the notice.
**Prepare the notice.**

(b) **Answer the riddle.** **(1 Score)**

I am a liquid.

I have a pleasant smell.

If you use me, you will be safe.

Corona virus is afraid of me.

**Who am I ?**

**Answer :**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| S | | | | T | | Z | | R |

(c) **Make a meaningful word from the letters given below and complete the sentence.** **(1 Score)**

A fat boy ________ Anna's boat.

D U O N C E P

**Answer :**

8. Some events from the story 'The Seed of Truth' are given in three boxes. Select the one which is in the correct order (Write **A**, **B** or **C**). **(1 Score)**

**A**
- He watered and manured it. But it did not sprout.
- Pingala got a seed from the King.
- He sowed it in a pot.
- Pingala changed the soil and transferred the seed to another pot.

**B**
- Pingala changed the soil and transferred the seed to another pot.
- Pingala got a seed from the King.
- He sowed it in a pot.
- He watered and manured it. But it did not sprout.

**C**
- Pingala got a seed from the King.
- He sowed it in a pot.
- He watered and manured it. But it did not sprout.
- Pingala changed the soil and transferred the seed to another pot.

**Answer :**

9. **Choose the odd one :** **(1 Score)**

(sowing, manuring, sailing, reaping)

| **Answer :** |
| --- |

10. Rearrange the words in the correct order to get a meaningful sentence. **(1 Score)**

'learned/I/the/language of/have/birds'. Ivan said.

| **Answer :** |
| --- |

11. Fill in the blank with the suitable word given in the bracket. **(1 Score)**

Ivan was a ________ boy.

(naughty, bright, dull, foolish)

| **Answer :** |
| --- |

12. Read the statements given below. Pick out the **false** statement. **(1 Score)**

(A) Some birds sing sweetly.

(B) All birds can fly high.

(C) All birds have beaks.

(D) Some birds are white in colour.

| **Answer :** |
| --- |

എൽ.എസ്.എസ്. പരീക്ഷ, മേയ് – 2021

(പാർട്ട് – സി)

**പരിസര പഠനം** **ആകെ സ്കോർ : 10**

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരം എഴുതേണ്ടതാണ്.
- 13 മുതൽ 18 വരെയുള്ള ചോദ്യങ്ങളാണ് പരിസരപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.

13. അതുൽ തന്റെ തോട്ടത്തിൽ പപ്പായ, പേര, വാഴ, ചോളം എന്നീ ചെടികൾ നട്ടിട്ടുണ്ട്. ഇവയ്ക്ക് വളരാൻ ആവശ്യമായ ഘടകങ്ങൾ, അവയുടെ വേരുപടലം, സിരാവിന്യാസം, ബീജപത്ര ഇനം എന്നിവയെ അടിസ്ഥാനമാക്കി താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(a) പട്ടിക നിരീക്ഷിച്ച് വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക. **(2 സ്കോർ)**

| ക്രമ നമ്പർ | സസ്യം | വേരുപടലം | സിരാവിന്യാസം | ബീജപത്ര ഇനം |
|---|---|---|---|---|
| 1 | പപ്പായ | തായ്‌വേര് | (a) ........................ | ദ്വിബീജപത്രസസ്യം |
| 2 | വാഴ | (b) .................... | സമാന്തര സിരാവിന്യാസം | ഏകബീജപത്രസസ്യം |
| 3 | പേര | തായ്‌വേര് | (c) ........................ | ദ്വിബീജപത്രസസ്യം |
| 4 | ചോളം | നാരുവേര് | സമാന്തര സിരാവിന്യാസം | (d) .................... |

(b) മുകളിലത്തെ പട്ടിക വിശകലനം ചെയ്ത് കണ്ടെത്തലുകൾ എഴുതുക. **(2 സ്കോർ)**

**കണ്ടെത്തലുകൾ :**

1.

2.

(c) ചെടികളുടെ വളർച്ചയ്ക്ക് ആവശ്യമായ വായു, ജലം, പ്രകാശം, മണ്ണ് എന്നീ ഘടകങ്ങൾക്ക് പറയുന്ന പേര് : **(1 സ്കോർ)**

**ഉത്തരം :**

P.T.O.



9001 M

## L.S.S. EXAMINATION, MAY - 2021

### (Part - C)

### Environmental Science

Total Score : 10

- Answer **all** questions in the space provided in the question paper.
- Questions **13** to **18** are based on the area of Environmental Science.
- The score of each question is given against it.

13. Athul planted papaya, guava, banana plant, maize in his garden. Based on the constituents needed for the growth, the root system, venation and type of cotyledons answer the following questions.

(a) Observe the table below and fill up the blanks. **(2 Score)**

| Serial No. | Plant | Root System | Venation | Type of Cotyledon |
|---|---|---|---|---|
| 1 | Papaya | Tap root | (a) ............... | Dicotyledon |
| 2 | Banana | (b) ............... | Parallel | Monocotyledon |
| 3 | Guava | Tap root | (c) ............... | Dicotyledon |
| 4 | Maize | Fibrous root | Parallel | (d) ............... |

(b) Write two important findings by analysing the above table. **(2 Score)**

**Findings :**

1.

2.

(c) Name of the constituents like air, water, light and soil needed for the growth of plants. **(1 Score)**

**Answer :**

14. താഴെ പറയുന്നവയിൽ ജലത്തിലെ വായു ശ്വസിക്കാൻ കഴിയുന്ന ജീവി. **(1 സ്കോർ)**

(A) ആമ (B) മുതല (C) തവള (D) താറാവ്

**ഉത്തരം :**

15. ഏതു പക്ഷിയുടെ വംശനാശം തടയുന്നതിനാണ് കേരള വനം വകുപ്പ് പ്രത്യേകമായി കൂടൊരുക്കുന്നത് ? **(1 സ്കോർ)**

(A) കാക്ക (B) വർണക്കൊക്ക്

(C) തേൻകുരുവി (D) അങ്ങാടിക്കുരുവി

**ഉത്തരം :**

16. തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി കണ്ടെത്തുക. **(1 സ്കോർ)**

(A) ഖാൻ അബ്ദുൾ ഗാഫർ ഖാൻ - അതിർത്തിഗാന്ധി

(B) ഡോ. രാജേന്ദ്ര പ്രസാദ് - ലോകമാന്യ

(C) സരോജിനി നായിഡു - ഇന്ത്യയുടെ വാനമ്പാടി

(D) സർദാർ വല്ലഭായ് പട്ടേൽ - ഇന്ത്യയുടെ ഉരുക്കു മനുഷ്യൻ

**ഉത്തരം :**

17. 2021 ഏപ്രിൽ 12 അമാവാസി ആണെങ്കിൽ അടുത്ത പൗർണമി ഏതു ദിവസമാണ് വരുന്നത് ? **(1 സ്കോർ)**

(A) ഏപ്രിൽ 27 (B) ഏപ്രിൽ 25 (C) മെയ് 9 (D) മെയ് 7

**ഉത്തരം :**

18. കേരളീയ വേഷം ധരിച്ച് ദശപുഷ്പം ചൂടി കൈകൊട്ടി പാട്ടുപാടി കളിക്കുന്ന കലാരൂപം. **(1 സ്കോർ)**

**ഉത്തരം :**

14. Which among the following organism breaths air in water ? **(1 Score)**

(A) Tortoise (B) Crocodile (C) Frog (D) Duck

**Answer :**

15. Name the bird which is protected by the Kerala forest department, preparing nest for them. **(1 Score)**

(A) Crow (B) Pelican

(C) Hummingbird (D) House Sparrow

**Answer :**

16. Find the wrong pair from the following : **(1 Score)**

(A) Khan Abdul Gafer Khan - Border Gandhi

(B) Dr. Rajendra Prasad - Lokamanya

(C) Sarojini Naidu - Nightingale of India

(D) Sardar Vallabhbhai Patel - Iron Man of India

**Answer :**

17. If April 12$^{th}$ of 2021 is Amavasi, then which day comes the next Pournami ? **(1 Score)**

(A) April 27 (B) April 25 (C) May 9 (D) May 7

**Answer :**

18. The art form which is played in Keralite dresses, wearing dashapushpas, singing with clapping hands is : **(1 Score)**

**Answer :**

## എൽ.എസ്.എസ്. പരീക്ഷ, മേയ് – 2021

## (പാർട്ട് – ഡി)

### ഗണിതം

ആകെ സ്കോർ : 10

---

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- **19** മുതൽ **24** വരെയുള്ള ചോദ്യങ്ങളാണ് ഗണിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനും ഒരു സ്കോർ വീതം.

---

19. സമചതുരാകൃതിയായ ഒരു കളിസ്ഥലത്തിന് 80 മീറ്റർ ചുറ്റളവുണ്ട്. ഈ കളിസ്ഥലം നവീകരിക്കുന്നതിന് പഞ്ചായത്ത് 9,500 രൂപ അനുവദിച്ചു.

(a) കളിസ്ഥലത്തിന് ചുറ്റും വേലികെട്ടുന്നതിന് ഒരു മീറ്ററിന് 74 രൂപ വീതം ചെലവായി. ഇതിനായി ആകെ എത്ര രൂപ ചെലവായി ? **(2 സ്കോർ)**

**ഉത്തരം :**

(b) കളിസ്ഥലം നിരപ്പാക്കുന്നതിന് 2,650 രൂപ ചെലവായി. വേലികെട്ടുന്നതിനും നിരപ്പാക്കുന്നതിനും കൂടി ആകെ എത്ര രൂപ ചെലവായി ? **(1 സ്കോർ)**

**ഉത്തരം :**

(c) വേലികെട്ടലും നിരപ്പാക്കലും കഴിഞ്ഞശേഷം പഞ്ചായത്ത് അനുവദിച്ച തുകയിൽ എത്ര രൂപ ബാക്കിയുണ്ട് ? **(1 സ്കോർ)**

**ഉത്തരം :**

(d) ഈ കളിസ്ഥലത്തിന്റെ ഒരു വശത്തിന്റെ നീളം എത്ര ? **(1 സ്കോർ)**

**ഉത്തരം :**

20. [illegible] ഒരു വലിയ റിബണിൽ നിന്ന് 24 സെന്റിമീറ്റർ വീതം നീളമുള്ള 10 കഷണങ്ങൾ മുറിച്ചെടുത്തു. 10 സെന്റിമീറ്റർ നീളമുള്ള ഒരു കഷണം ബാക്കിവന്നു. മുറിക്കുന്നതിന് മുമ്പ് വലിയ റിബണിന്റെ നീളം എത്രയായിരുന്നു ? (1 സ്കോർ)

ഉത്തരം :

21. 48 നെ ഒരു സംഖ്യകൊണ്ട് ഹരിച്ചപ്പോൾ 8 കിട്ടി. അതേ സംഖ്യകൊണ്ട് 60 നെ ഹരിച്ചാൽ എത്ര ? (1 സ്കോർ)

ഉത്തരം :

22. 7046 -ന് തുല്യമായത് താഴെ കൊടുത്തവയിൽ ഏതാണ് ? (1 സ്കോർ)

(A) 70 നൂറ് 40 പത്ത് 6 ഒന്ന്
(B) 7 ആയിരം 4 നൂറ് 6 ഒന്ന്
(C) 7 ആയിരം 40 നൂറ് 6 ഒന്ന്
(D) 70 നൂറ് 4 പത്ത് 6 ഒന്ന്

ഉത്തരം :

23. ഒരു മാസത്തിലെ രണ്ടാം ശനിയാഴ്ചയാകാൻ സാധ്യതയുള്ള തീയതി താഴെ കൊടുത്തവയിൽ ഏതാണ് ? (1 സ്കോർ)

(A) 13 (B) 15 (C) 7 (D) 16

ഉത്തരം :

24. 3000 – 1296 -ന് തുല്യമായത് ഏത് ? (1 സ്കോർ)

(A) 2999 – 1297 (B) 2999 – 1295 (C) 3001 – 1298 (D) 3001 – 1295

ഉത്തരം :

## എൽ.എസ്.എസ്. പരീക്ഷ, മെയ് – 2021

### (പാർട്ട് – ഇ)

**പൊതുവിജ്ഞാനം** **ആകെ സ്കോർ : 10**

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- 25 മുതൽ 34 വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ശരി ഉത്തരത്തിനും ഒരു സ്കോർ വീതം ലഭിക്കുന്നതാണ്.

25. **'രാത്രിമഴ'** എന്ന കാവ്യസമാഹാരത്തിന്റെ കർത്താവ് ആര് ? **(1 സ്കോർ)**

(A) സുഗതകുമാരി

(B) ഒ.എൻ.വി. കുറുപ്പ്

(C) ബാലാമണിയമ്മ

(D) വയലാർ രാമവർമ്മ

**ഉത്തരം :**

26.



മുകളിൽ കൊടുത്തിരിക്കുന്ന ലോഗോ സൂചിപ്പിക്കുന്നത് : **(1 സ്കോർ)**

(A) നവ കേരള മിഷൻ

(B) ലൈഫ് മിഷൻ

(C) ആർദ്രം മിഷൻ

(D) ശുചിത്വ മിഷൻ

**ഉത്തരം :**

27. കേരളത്തിലെ ഏറ്റവും വലിയ വന്യജീവിസങ്കേതം ഏത് ? (1 സ്കോർ)

(A) പറമ്പിക്കുളം വന്യജീവിസങ്കേതം

(B) പേപ്പാറ വന്യജീവിസങ്കേതം

(C) പെരിയാർ വന്യജീവിസങ്കേതം

(D) വയനാട് വന്യജീവിസങ്കേതം

| ഉത്തരം : |
|---|

28. 'നിലാവ് ' പദ്ധതി ബന്ധപ്പെട്ടിരിക്കുന്നത് : (1 സ്കോർ)

(A) കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക് ആകുന്നു.

(B) കേരളത്തിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആകുന്നു.

(C) സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാകുന്നു.

(D) സ്ത്രീസുരക്ഷ ഉറപ്പാക്കുന്നു.

| ഉത്തരം : |
|---|

29. പി.ആർ. ശ്രീജേഷ് ഏതു കായികയിനവുമായി ബന്ധപ്പെട്ട വ്യക്തിയാണ് ? (1 സ്കോർ)

(A) ഹോക്കി (B) ക്രിക്കറ്റ്

(C) ടെന്നിസ് (D) ഗുസ്തി

| ഉത്തരം : |
|---|

30. കേരളകലാമണ്ഡലം സ്ഥിതിചെയ്യുന്ന ജില്ല ഏത് ? (1 സ്കോർ)

ഉത്തരം :

31. ആരുടെ ജന്മദിനമാണ് അധ്യാപകദിനമായി ആഘോഷിക്കുന്നത് ? (1 സ്കോർ)

ഉത്തരം :

32. ഇന്ത്യ വിക്ഷേപിച്ച ആദ്യ കൃത്രിമ ഉപഗ്രഹം ഏത് ? (1 സ്കോർ)

ഉത്തരം :

33. കേരളത്തിന്റെ സംസ്ഥാന മത്സ്യം ഏത് ? (1 സ്കോർ)

ഉത്തരം :

34. കേരളത്തിൽ അവസാനം സ്ഥാപിതമായ വിമാനത്താവളം ഏത് ? (1 സ്കോർ)

ഉത്തരം :

- o0o -